# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3459      19/10/2016 -ൽ മറുപടിക്ക്

# മൈലം-തലവൂർ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി.അയിഷാ പോറ്റി | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ മൈലം-തലവൂർ കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണ്; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) 25.10.2011-ലെ സ.ഉ.(സാധാ.) നമ്പർ 1084/11/ജവിവ പ്രകാരം 15/12/2011 -ൽ പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. അതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 09 മീറ്റർ വ്യാസമുള്ള ഇൻടേക്ക് കിണർ & പമ്പ് ഹൗസ്<br>2. 400 എം.എം ഡി.ഐ. കെ9 റോ വാട്ടർ പമ്പിംഗ് മെയിൻ - 695 മീറ്റർ<br>3. 10.50 എം.എൽ.ഡി ജലശുദ്ധീകരണശാല<br>4. ജലശുദ്ധീകരണശാലയിൽ നിന്നും പൂക്കുന്നുമലയിലേയ്ക്കുള്ള 350 എം.എം ഡി.ഐ. കെ.9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ - 696 മീറ്റർ<br>5. 16.90 എൽ.എൽ സംഭരണശേഷിയുള്ള പൂക്കുന്നുമല ഉപരിതല സംഭരണി<br>6. ക്ലിയർ വാട്ടർ പമ്പ് സെറ്റ് & ട്രാൻസ്ഫോർമർ<br>(മൈലം, തലവൂർ കുടിവെള്ള പദ്ധതിക്കും, പട്ടാഴി, പട്ടാഴി-വടക്കേക്കര പദ്ധതിക്കും പൊതുവായുള്ളതാണ് ഇൻടേക്ക് കിണർ, പമ്പിംഗ് മെയിൻ, 10.50 എം.എൽ.ഡി ജലശുദ്ധീകരണശാല, പൂക്കുന്നുമലയിലെ 16.90 എൽ.എൽ ഉപരിതല സംഭരണി)<br>7. തലവൂർ പിടവൂർ വില്ലേജിലേക്കുള്ള വിതരണശൃംഖല (സോൺ I & II)<br>8. മൈലം പഞ്ചായത്തിനു വേണ്ടിയുള്ള ഗാന്ധിമുക്കിലെ 6.6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി |

9. പൂക്കുന്നുമല ഉപരിതല സംഭരണിയിൽ നിന്നും ഗാന്ധിമുക്കിലെ ജലസംഭരണിയിലേയ്ക്കുള്ള ഗ്രാവിറ്റി മെയിൻ (200 എം.എം ഡി.ഐ കെ.9)

| | |
|---|---|
| (സി) ആയതിൽ എന്തെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചു; അവശേഷിക്കുന്ന പണികൾ എന്തെല്ലാമാണ്; | (സി) ഇൻടേക്ക് കിണർ & പമ്പ്ഹൗസ്, പമ്പിംഗ് മെയിൻ (400 എം.എം ഡി.ഐ. കെ.9 695 മീറ്റർ) ജലശുദ്ധീകരണശാല, പൂക്കുന്നുമലയിലേക്കുള്ള 350എം.എം ഡി.ഐ കെ.9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പൂക്കുന്നുമല ഉപരിതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പ് സെറ്റ് ആൻഡ് ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ, തലവൂർ, പിടവൂർ വില്ലേജുകളിലേക്കുള്ള വിതരണ ശൃംഖല (സോൺ I & സോൺ II ) എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. |

<u>അവശേഷിക്കുന്ന പണികൾ</u>

1. ഗാന്ധിമുക്കിൽ വിഭാവനം ചെയ്തിരുന്ന ജലസംഭരണിയ്ക്കു പകരമായി ആക്കാവിളയിൽ പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയ സ്ഥലത്ത് നിർമ്മിച്ചുവരുന്ന 6.6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണി (95% പൂർത്തീകരിച്ചു. കോൺക്രീറ്റ് ജോലികൾ പൂർത്തീകരിച്ച് പ്ലാസ്റ്ററിംഗ് ജോലികൾ നടന്നുവരുന്നു)

2. പൂക്കുന്നുമലയിലെ ഉപരിതല സംഭരണിയിൽ നിന്നും ആക്കാവിള സംഭരണിയിലേയ്ക്കുള്ള 200 എം.എം ഡി.ഐ കെ.9 പൈപ്പ് ലൈൻ (79.88 എം) 35% പൂർത്തീകരിച്ചു.(തലവൂർ, പട്ടാഴി എന്നീ പഞ്ചായത്തുകളിൽ കൂടി മൈലം ജലസംഭരണിയിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പട്ടാഴി, തലവൂർ പഞ്ചായത്തുകൾ തർക്കം ഉന്നയിക്കുന്നതുമൂലം പണികൾക്ക് തടസ്സം നേരിടുകയും ഈ പഞ്ചായത്തുകളിൽ ഉള്ള പണികൾ നിർത്തി വയ്ക്കേണ്ടതായും വന്നിട്ടുണ്ട്.)

3. മൈലം പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖല ഭരണാനുമതി ലഭിച്ച തുകയിൽ നിന്നും ശേഷിക്കുന്ന തുകയിൽ പരിമിതപ്പെടുത്തി 3.76 കോടി രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ ആഫീസിൽ പരിശോധിച്ചുവരുന്നു.

(ഡി) പ്രാദേശികമായ തടസ്സവാദങ്ങൾമൂലം മുടങ്ങിയ പ്രവൃത്തികൾ എന്തെല്ലാമാണ്; ആയതിന് കാരണം എന്താണ്;

(ഡി) പട്ടാഴി പഞ്ചായത്തിലെ പൂക്കുന്നുമല ഉപരിതലജലസംഭരണിയിൽ നിന്നും മൈലം പഞ്ചായത്തിലെ ആക്കാവിള ഉപരിതല സംഭരണിയിലേക്കുള്ള 200 എം.എം ഡി.ഐ കെ9 പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയാണ് പ്രദേശികമായ തടസ്സവാദങ്ങൾ മൂലം മുടങ്ങിയത്. പട്ടാഴി, പട്ടാഴി - വടക്കേക്കര, തലവൂർ, പിടവൂർ, മൈലം വില്ലേജുകളുടെ സംയുക്ത കുടിവെള്ള പദ്ധതിയുടെ പ്രധാന ഘടകങ്ങൾക്ക് ആവശ്യമായ സ്ഥലം വിലയ്ക്കു വാങ്ങിയത് പട്ടാഴി, പട്ടാഴി - വടക്കേക്കര, തലവൂർ ഗ്രാമപഞ്ചായത്തുകളുടെ മാത്രം സംയുക്ത ഫണ്ട് ഉപയോഗിച്ചാണ് എന്നും ആയതിന് മൈലം പഞ്ചായത്ത് സഹകരിച്ചില്ലയെന്നും ആയതിനാൽ പട്ടാഴി, പട്ടാഴി - വടക്കേക്കര, തലവൂർ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലുമുള്ള മുഴുവൻ റോഡുകളിലും പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള ലഭ്യത ഉറപ്പാക്കിയതിനുശേഷമേ മൈലം ഗ്രാമപഞ്ചായത്തിലേക്ക് പൈപ്പ് ലൈൻ കണക്ട് ചെയ്യുവാൻ അനുവദിക്കുകയുള്ളൂ എന്നുമുള്ള പട്ടാഴി, പട്ടാഴി - വടക്കേക്കര, തലവൂർ പഞ്ചായത്തുകളുടെ തടസ്സവാദങ്ങൾ മൂലമാണ് മൈലം പഞ്ചായത്തിലെ ആക്കാവിള ഉപരിതല ജല സംഭരണയിലേക്കുള്ള പണികൾ തടസ്സപ്പെട്ടിട്ടുള്ളത്.

(ഇ) തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

(ഇ) പ്രശ്ന പരിഹാരത്തിനായി എല്ലാ പഞ്ചായത്തുകളുടെയും സഹകരണം കേരള വട്ടർ അതോറിറ്റി അഭ്യർത്ഥിച്ചു എങ്കിലും സഫലമായിട്ടില്ല. ആയതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ മാരേയും പഞ്ചായത്ത് അധികാരികളേയും ഉൾപ്പെടുത്തി യോഗം വിളിച്ചുചേർക്കണമെന്ന് അഭ്യർത്ഥിച്ച് ജില്ലാ കളക്ടർക്ക് കേരള വട്ടർ അതോറിറ്റിയിൽ നിന്നും 05/9/2016-ൽ കത്ത് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

JSK/

ഭരണഭാഷ

GOVERNMENT OF KERALA

Abstract

Water Resources Department—Prior Approval of Government for according revised Administrative Sanction for 3 Schemes at an amount of Rs.46.81 Crore and Administrative Sanction for 40 Schemes at an amount of Rs. 181.20 Crore — accorded---Orders issued.

WATER RESOURCES (WATER SUPPLY -B) DEPARTMENT

G.O. (Rt.)No.1084/11/WRD Dated, Thiruvananthapuram, 25.10.2011

Read: 1. Letter No. KWA/JB/P&M/2/331/10 dated 26/06/2010 from the Managing Director. Kerala Water Authority.

2. Minutes of XV SLSSC meeting held on 05/06/2010

ORDER

In the letter read as 1st paper above the managing Director Kerala Water Authority has reported that the XV[th] meeting of State Level Scheme Sanctioning Committee held on 05/06/2010 had cleared 3 proposal for revised Administrative sanction for Rs. 46.81 Crore and 40 proposal for coverage of habitations for Administrative Sanction for Rs. 181.20 crore. The Managing director requested for Prior Approval for issuing Administrative Sanction for the above schemes.

Government have examined the matter in detail and are pleased to convey its approval to Kerala Water Authority for according revised Administrative Sanction for 3 schemes at an amount of Rs. 46.81 crore and Administrative Sanction for 40 schemes at an amount of Rs. 181.20 Core subject to the following condition and at the estimated cost shown against each schemes detailed in the Annexure I and II.

a) Sanction order issued by the Managing Director, Kerala Water Authority on each work should specify the comprehensive component wise details for the new schemes.

b) Approximate date of completion of the new/ongoing schemes (Component wise)

c) Anticipated expenditure for the completion of new schemes.

Due to the financial stringent of the State no additional fund can be provided over and above the current year budget provision. The Managing Director, Kerala Water Authority should strictly monitor the progress of each of schemes which was already sanctioned instead of issuing Administrative Sanction to more new schemes and take necessary steps to avoid the lag of completion of each scheme.

The Managing Director will submit the progress report of each scheme which was already sanctioned. Managing Director, Kerala Water Authority will also institute a system to avoid time and cost over seen in the projects.

By Order of the Governor

K.P. REMADEVI

Deputy Secretary to Government

To

The Managing Director, Kerala Water Authority, Thiruvananthapuram

Accountant General (Audit/(A&E).Kerala, Thiruvananthapuram

Finance Department (Vide U.O. No. 79820/PUC1/2010/Fin dated 25.10.2011)

Stock File/Office Copy.

Forwarded/By Order

Section Officer